(പ്രസിദ്ധീകരണത്തിന്)                                                    24..01..2017

# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

## ജനുവരി 27 ൻറെ മനുഷ്യവലയം വൻവിജയമാക്കുക

### വിദ്യാഭ്യാസ മന്ത്രി

പൊതുവിദ്യാഭ്യാസ സംരക്ഷണം മുൻ നിർത്തി 2017 ജനുവരി 27ന് സംഘടിപ്പിക്കുന്ന മനുഷ്യവലയം പരിപാടി വൻ വിജയമാക്കണമെന്ന് വിദ്യാഭ്യാസ മന്ത്രി സി രവീന്ദ്രനനാഥ് അഭ്യർഥിച്ചു. രക്ഷിതാക്കൾ, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങൾ, പൂർവ വിദ്യാർഥികൾ, പൂർവ അധ്യാപകർ, തുടങ്ങിയവരെ പരിപാടിയിൽ അണിനിരത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

ജനുവരി 27ലെ മനുഷ്യവലയത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന മഹായജ്ഞത്തിന് തുടക്കം കുറിക്കും. തിരുവനന്തപുരത്ത് മലയിൻ കീഴിൽ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും, കാസർകോട് കാഞ്ഞങ്ങാട് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഉദ്ഘാടനം ചെയ്യും.

ഭാവി തലമുറയുടെ വിദ്യാഭ്യാസ സ്വപ്നങ്ങളെ സാർത്ഥകമാക്കാൻ വർത്തമാനകാലത്തെ സുപ്രധാന ചുവടുവയ്പായിരിക്കുമിത്. രാവിലെ 11 മണിക്ക് ഓരോ വിദ്യാലയത്തിന് ചുറ്റും പൊതുവിദ്യാഭ്യാസ സംരക്ഷണ സന്ദേശവുമായി മനുഷ്യവലയം തീർക്കും. ക്ളാസുകൾക്ക് മുടക്കമില്ലാതെയാണ് ഈ പരിപാടി സംഘടിപ്പിക്കേണ്ടത്. മുഴുവൻ രക്ഷിതാക്കളെയും മറ്റെല്ലാ ജനവിഭാഗങ്ങളെയും ഈ പരിപാടിയിൽ പങ്കാളികളാക്കും. മനുഷ്യ വലയത്തിൽ അണിചേർന്നവർ ഏക സ്വരത്തിൽ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുമെന്നും വിദ്യാലയങ്ങൾ ലഹരി വിമുക്തമാക്കുമെന്നും സ്കൂളുകളിൽ ഹരിതനിയമാവലി (Green Protocol) നടപ്പാക്കുമെന്നും പ്രതിജ്ഞയെടുക്കും. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം ഒരു ജനതയാകെ നെഞ്ചിലേറ്റുന്ന ഈ മഹത്തായ പരിപാടിയിൽ അണിനിരക്കണമെന്ന് എല്ലാ വിഭാഗം ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.